പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 6074 2.04.2018 ലെ മറുപടിക്ക്

**കയർ ഉത്പാദന/വിപണന മേഖലകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കയർ ഉത്പാദന/വിപണന മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്ന് അറിയിക്കുമോ;<br><br>ബി) ഇവയുടെ വിശദാംശം ലഭ്യമാക്കുമോ? | എ) & ബി)<br>കയർ മേഖലയുടെ പ്രോത്സാഹനത്തിനും ഉന്നമനത്തിനുമായി കഴിഞ്ഞ രണ്ടു വർഷങ്ങളിൽ സർക്കാർ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) <u>കയർ ഭൂവസ്ത്ര വികസന പരിപാടി</u><br>ഹരിത കേരളം പരിപാടിയുടെ ഭാഗമായി കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ജല സംരക്ഷണം, മണ്ണ് സംരക്ഷണം, കൃഷി, റോഡ് നിർമ്മാണം, തോടുകളുടേയും കുളങ്ങളുടെയും ഭിത്തി സംരക്ഷണം എന്നിവ നടപ്പിലാക്കുന്നതിനും, കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനുമായി 120 കോടി രൂപയുടെ ധാരണാപത്രം ആലപ്പുഴയിൽ നടന്ന കയർ കേരള 2017 ൽ വച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവയ്ക്കുകയുണ്ടായി. ജിയോ ടെക്സ്റ്റൈൽസ് വിരിക്കുന്ന പദ്ധതി കേരളത്തിലുടനീളം ആരംഭിച്ചു കഴിഞ്ഞു. ഇതുവഴി കയർ യാണിന്റെ ഡിമാന്റ് കൂടാനും കയർ പിരി തൊഴിലാളികൾക്ക് ജോലിയോടൊപ്പം മാന്യമായ വേതനം ഉറപ്പാക്കാനും കഴിയും.<br>2) **<u>കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം</u>**<br>കയർ വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിനും ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പയെടുത്ത് ആധുനികവത്ക്കരണം നടത്തുന്നതിനും കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം എന്ന പദ്ധതി നടപ്പിലാക്കി. 2017-18 സാമ്പത്തിക |

| | |
|---|---|
| | വർഷം 12 കോടി രൂപ ഇതിനായി വകയിരുത്തുകയും ടി തുകയിൽ 8.38 കോടി രൂപ 393 സംഘങ്ങൾക്ക് ഇതുവരെ പ്രവർത്തന മൂലധനമായി അനുവദിക്കുകയും ചെയ്തു.<br>**3) മാനേജീരിയൽ സബ്സിഡി**<br>കയർ മേഖലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതിയിൽ സംഘങ്ങളിൽ നടപ്പാക്കേണ്ട ചുമതലയുള്ള സംഘം സെക്രട്ടറിമാർക്ക് സംഘത്തിന്റെ സാമ്പത്തിക പരാധീനത കാരണം വളരെ തുച്ഛമായ ശമ്പളമാണ് ലഭിക്കുന്നത്. ആയതിനാൽ കയർ പിരി സംഘങ്ങളിലേയും കയർ മാറ്റ്സ് സംഘങ്ങളിലേയും സെക്രട്ടറി, ബിസിനസ് മാനേജ്മെന്റ് തസ്തികകളിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിന്റെ ഒരു ഭാഗമെങ്കിലും ഒരു നിശ്ചിത കാലയളവിലേയ്ക്ക് സർക്കാർ മുഖാന്തിരം നൽകി സർക്കാരിന്റെ വികസന പദ്ധതികൾ കയർ മേഖലയിൽ ഫലപ്രദമായി നടപ്പിലാക്കുകയും അതിലൂടെ സംഘങ്ങളെ സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനുമായി മാനേജീരിയൽ സബ്സിഡി പദ്ധതി മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുകയും 3 കോടി രൂപ എസ്.ഡി.ജി വഴി അനുവദിക്കുകയുമുണ്ടായി. 10 പ്രോജക്ടുകളിലായി ആകെ 412 ജീവനക്കാർക്ക് 2016 ജൂൺ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിലെ മാനേജീരിയൽ സബ്സിഡി നൽകുന്നതിനായി 2,07,15,000/- രൂപയുടെള്ള ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത തുക പൂർണ്ണമായും ചെലവഴിക്കുകയുണ്ടായി.<br>**4. എൻ.സി.ഡി.സി.പദ്ധതി**<br>കയർ വികസന വകുപ്പ് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡുമായി ചേർന്ന് 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ കയർ സഹകരണ സംഘങ്ങളുടെ പുരോഗതിയ്ക്കായി 200 കോടി രൂപ നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കുന്നതിന് വിശദമായ പ്രപ്പോസൽ തയ്യാറാക്കുകയും ആയത് എൻ.സി.ഡി.സി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കയർമേഖലയുടെ ആധുനികവൽക്കരണം/ യന്ത്രവൽക്കരണം, ഡീഫൈബറിംഗ്, സ്പിന്നിംഗ് & വീവിംഗ് മെഷീനുകളുടെ |

| | |
|---|---|
| | പ്രവർത്തനം മെച്ചപ്പെടുത്തുക, കൂടാതെ വിപണി വികസനത്തിന് ധനസഹായം നൽകുക.<br>2. വിലസ്ഥിരതയ്ക്കും വരുമാന സ്ഥിരതയ്ക്കും പ്രധാന്യം നൽകി, സബ്സിഡി അനുവദിച്ച് കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തി അതിലൂടെ കയർ സഹകരണ സംഘങ്ങളുടെ പുരോഗതി ഉറപ്പാക്കുക.<br>ഇത് കൂടാതെ തുടർന്ന് വരുന്ന മറ്റ് പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എം.ഡി.എ) നൽകി വരുന്നു. ടി പദ്ധതി പ്രകാരം 880 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>2. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു. ടി പദ്ധതി പ്രകാരം 550 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>3. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം കയർഫെഡിനും, കയർ കോർപ്പറേഷനും കയർ വിപണിയിൽ ഇടപെട്ട് യാൺ/ഉൽപ്പന്നങ്ങൾക്ക് ന്യായവില നൽകി സംഭരിക്കുന്നതിന് ഈ വർഷം 48.7 കോടി രൂപ അനുവദിച്ചിട്ടുണ്ട്<br>4. കഴിഞ്ഞ ഓണക്കാലത്ത് കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 118 ഓളം സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതിയും നടപ്പിലാക്കി .<br>5. ഉൽസവകാലങ്ങളിൽ താൽക്കാലിക വിൽപ്പന ശാലകൾ വഴിയുള്ള വിൽപ്പന നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>6. കയർ ഉൽപ്പന്നങ്ങളുടെ വിപണി ശൃംഖല വിപുലീകരിക്കാനായി പുതിയ സംവിധാനം ആവിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ദേശവ്യാപകമായി |

| | |
|---|---|
| | വിപണന ശൃംഖല വ്യാപിപ്പിക്കാനായി ഒരു കയർ ഉൽപ്പന്ന മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്തിന് പുറത്ത് കയർഫെഡിനും കയർ കോർപ്പറേഷനും പരമ്പരാഗത വിപണന രീതിയിലുള്ള ഡിപ്പോകളും വിപണന കേന്ദ്രങ്ങളും ഉണ്ട്. ഇവയ്ക്ക് പുറമേയാണ് നവീന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള ഇത്തരമൊരു കമ്പനി സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ